# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 4757 23.07.2015- ൽ മറുപടിക്ക്**

## കൈത്തറിമേഖലയിലുണ്ടായ പുരോഗതി

**ചോദ്യം**

**ശ്രീ. വി.ശശി**

**ഉത്തരം**

**ശ്രീ.പി.കെ. കുഞ്ഞാലിക്കുട്ടി**
**(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)**

(എ) പരമ്പരാഗത വ്യവസായങ്ങളുടെ പുരോഗതിക്കായി ഈ സർക്കാർ നടപ്പാക്കിയ പരിപാടികളുടെ അടിസ്ഥാനത്തിൽ, കൈത്തറി മേഖലയിലുണ്ടായിട്ടുള്ള പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ; വിലയിരുത്തൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

(എ) ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കൈത്തറി മേഖലക്ക് വേണ്ടി നടപ്പിലാക്കിയ പദ്ധതികൾ താഴെ ചേർക്കുന്നു.

1.സഹകരണ സംഘങ്ങൾക്ക് ഷെയർ പാർട്ടിസിപ്പേഷൻ

2.ഓണം, ക്രിസ്തുമസ്, വിഷു തുടങ്ങിയ വിശേഷ അവസരങ്ങളിൽ കൈത്തറി എക്സ്പോ നടത്തി വിപണന പ്രോത്സാഹനം

3.നാഷണൽ ഹാന്റ്ലൂം എക്സ്പോ

4.ഷോറൂം നവീകരണവും നിർമ്മാണവും

5.പരിശീലനവും വൈദഗ്ദ്ധ്യ പരിശീലനം

6.നെയ്ത്തുകാർക്ക് ഗുണമേൻമയുള്ള അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കൽ

7.കോൺട്രിബ്യൂട്ടറി ത്രിഫ്റ്റ് ഫണ്ട്

8.പ്രൊഡക്റ്റ് ഡെവലപ്മെന്റ് അസിസ്റ്റൻസ്

9.മൂല്യ വർദ്ധിത, അധിക മൂല്യവർദ്ധിത ഉൽപന്നങ്ങൾ നിർമ്മിക്കുക

10.വർക്ക്ഷെഡുകളുടെ നവീകരണം, ഡൈ ഹൗസ് നവീകരണം

11.ഡൈയിംഗിൽ പരിശീലനം

12.കൈത്തറി സംഘങ്ങളുടെ പുനരുദ്ധാരണം

13.വിദഗ്ധ നെയ്ത്തുകാർക്ക് ഉൽപാദന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് പ്രോത്സാഹനം

14.നെയ്ത്തുകാർക്കു പ്രചോദന പരിപാടി

15.ദൃശ്യ, പത്ര മാധ്യമങ്ങളിലൂടെയും റേഡിയോ വഴിയും കൈത്തറി തുണികളുടെ പ്രചരണം

16.സ്കൂൾ കുട്ടികൾക്കായി ചിത്രരചനാ മത്സരം

17.കൈത്തറി ഉൽപന്നങ്ങൾ തിരിച്ചറിയാൻ കൈത്തറി മാർക്ക് രജിസ്ട്രേഷൻ

18.സ്വയം തൊഴിൽ പദ്ധതി

19.ഇൻകം സപ്പോർട്ട് പദ്ധതി

20.കേന്ദ്രഗവൺമെന്റിൽ കൈത്തറി മേഖലയുടെ പുനരുദ്ധാരണ പുനരാവിഷ്കൃത പാക്കേജ്

21. മഹാത്മാഗാന്ധി ബുങ്കർ ബീമാ യോജന ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി(എം.ജി.ബി.ബി.വൈ)

22. ക്ലസ്റ്റർ ഡെവലപ്പ്മെന്റ് പ്രോഗ്രാം

23. തറി അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിന് സഹായം

24.ടെക്നോളജി അപ്ഗ്രഡേഷൻ

25.കേന്ദ്രഗവൺമെന്റിന്റെ വീവേഴ്സ് ക്രഡിറ്റ് കാർഡ് പദ്ധതി

26.റിബേറ്റ്

27.ഓർഗാനിക് കോട്ടൺ തുണികളുടെ ഉൽപാദനം.

ടി പദ്ധതികൾ നടപ്പിലാക്കിയതിനാൽ കൈത്തറി മേഖലകളിൽ നിന്നുള്ള അംഗങ്ങളുടെ കൊഴിഞ്ഞുപോക്ക് കുറഞ്ഞിട്ടുണ്ട്. പുതുതായി 550 പേരെ നെയ്ത്തു പരിശീലനം നൽകി

ഈ മേഖലയിലേക്ക് കൊണ്ടു വന്നിട്ടുണ്ട്. ജക്കാർഡ്, ഡോബി എന്നിവയിൽ 350 പേർക്ക് പരിശീലനം നൽകുകയും ഇവ ഉപയോഗിച്ച് ആകർഷകങ്ങളായ ഉൽപന്നങ്ങൾ ഉൽപാദിപ്പിക്കുകയും ചെയ്യുന്നു. നെയ്ത്തുകാരുടെ ഉൽപാദന ക്ഷമത കൂട്ടുവാനും, വേതനം വർദ്ധിപ്പിക്കുവാനും സാധിച്ചു. കേന്ദ്രഗവൺമെന്റിന്റെ റിവൈവൽ, റിഫോം & റീസ്ട്രക്ചറിംഗ് പാക്കേജ് അനുസരിച്ച 355 കൈത്തറി സംഘങ്ങൾക്കും 1117 വ്യക്തിഗത യൂണിറ്റുകൾക്കും, ഹാന്റക്സിനും പാക്കേജനുസരിച്ചുള്ള ആനുകൂല്യം നൽകി പുനരുദ്ധരിച്ചു കൊണ്ടിരിക്കുന്നു. 50 സൊസൈറ്റികളുടെ വർക്ക്ഷെഡ് നവീകരിച്ചു 1000 നെയ്ത്തുകാർക്കു വീടിനോടനുബന്ധിച്ചുള്ള ഷെഡുകൾ നവീകരിക്കാൻ സഹായം നൽകി. 76 വിദഗ്ധ നെയ്ത്തുകാർക്ക് ഉൽപാദനയൂണിറ്റുകൾ ആരംഭിക്കുവാൻ സഹായം നൽകുകയും അവയിൽ 70 യൂണിറ്റുകൾ ആരംഭിക്കുകയും ചെയ്തു. ബാങ്കുകളുടെ സഹായത്തോടെ സ്വയം തൊഴിൽ പദ്ധതി പ്രകാരം 59 യൂണിറ്റുകൾ തുടങ്ങാൻ സഹായം നൽകുകയും അതിൽ 55 യൂണിറ്റുകൾ ആരംഭിക്കുകയും 550 പേർക്ക് തൊഴിൽ നൽകുകയും ചെയ്തു. കോഴിക്കോട്, കൊല്ലം ജില്ലകളിൽ ഡൈയിംഗിൽ 20 പേർക്ക് വീതം പരിശീലനം നൽകി ഡൈയിംഗിനു സജ്ജരാക്കി. ഇതിന്റെ ഫലമായി ഡൈയിംഗിന്റെ നിലവാരം ഈ ജില്ലകളിൽ ഉയർന്നു. ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ്ലൂം

ടെക്നോളജി മുഖാന്തിരവും ക്ലസ്റ്ററുകളിലെ ഡിസൈനർമാർ മുഖാന്തിരവും 1500 ഓളം പുതിയ ഡിസൈനുകൾ വികസിപ്പിക്കുകയും അവ സംഘങ്ങളിൽ ഉപയോഗിക്കുകയും ചെയ്യുന്നു. കൂടാതെ കൈത്തറി മേഖലയിലെ നിലവിലെ സ്ഥിതി അവലോകനം ചെയ്യുന്നതിന്, അതായത് വിൽപനയിലും ഉൽപാദനത്തിലും എത്രമാത്രം വർദ്ധനവ് ഉണ്ടായിട്ടുണ്ട് എന്നതിന്മേൽ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റ് മുഖാന്തിരം ഹാന്റ്ലൂം സർവ്വേ പുരോഗമിച്ചു വരുന്നു. റിപ്പോർട്ട് ലഭ്യമായിട്ടില്ല.

**സെക്ഷൻ ഓഫീസർ**